# എം കൃഷ്ണൻ നായർ

## സാഹിത്യവാരഫലം

1991 01 13



# സാഹിത്യവാരഫലം

## എം കൃഷ്ണൻ നായർ



ആദ്യപ്രസിദ്ധീകരണവിവരം:

| | |
|---|---|
| വാരിക: | കലാകൗമുദി |
| ലക്കം: | 800 |
| തിയതി: | 1991 01 13 |

© 2014, ജെ വിജയമ്മ

വാണിജ്യേതര ഉപയോഗത്തിനായി (വായിക്കുക, പകർത്തുക, വിതരണം ചെയ്യുക), ക്രിയേറ്റിവ് കോമൺസ് പകർപ്പവകാശ നിബന്ധനകൾക്ക് വിധേയമായി സായാഹ്ന ഫൗണ്ടേഷൻ പ്രസിദ്ധീകരിക്കുന്നത്.

“ആരെങ്കിലും മരിക്കുമ്പോൾ അയാളുടെ ചിത്രങ്ങൾക്കു മാറ്റം വരുന്നു. അയാളുടെ കണ്ണുകൾ വേറൊരുവിധത്തിലാണ് നോക്കുന്നത്. ചുണ്ടുകൾ മറ്റൊരുരീതിയിൽ പുഞ്ചിരിപൊഴിക്കുന്നു. ഒരു കവിയുടെ മൃതദേഹം സംസ്കരിച്ചു കഴിഞ്ഞതിനുശേഷം തിരിച്ചെത്തിയപ്പോൾ ഞാനതു മനസ്സിലാക്കി. അതിനുശേഷം ഞാൻ പലപ്പോഴും ഇതു ശരിയാണോ എന്നു നോക്കിയിട്ടുണ്ട്. എന്റെ സിദ്ധാന്തം സ്ഥിരീകരിക്കപ്പെട്ടു”. റഷ്യയിലെ കവിയത്രി അന്ന ആഹ്മാതവ (Anna Akhmatova 1888–1966 അന്ന ആന്ദ്രേവ്ന ഗോറിയങ്കോ എന്നതു ശരിയായ പേര്. ആഹ്മാതവ തൂലികാനാമം) എഴുതിയ ഒരു കാവ്യത്തിന്റെ ആശയമാണിത്. എന്തുകൊണ്ടാണു മരിച്ചവരുടെ ചിത്രങ്ങൾക്കു മാറ്റം വരുന്നത്? നോട്ടം തന്നെ ധിഷണാപരമായ പ്രവർത്തനമാണ്. വ്യക്തി ജീവിച്ചിരിക്കുമ്പോൾ സമ്മിശ്രങ്ങളായ വികാരവിചാരങ്ങളോടു കൂടിയാവും നമ്മൾ അയാളെ നോക്കുക. മകനായാൽപ്പോലും പലപ്പോഴും ദേഷ്യത്തോടെ അവന്റെ പ്രവർത്തികളെ അച്ഛനു വീക്ഷിക്കേണ്ടി വരും. അതേസമയം അവനെ സ്നേഹിക്കുകയും ചെയ്യും. മകൻ മരിക്കട്ടെ. സ്നേഹമെന്ന വികാരമേ ശേഷിക്കൂ. അവന്റെ നന്മകളെക്കുറിച്ചു മാത്രമേ വിചാരിക്കാനാവൂ. ചിത്രദർശനവും ധിഷണാസംബന്ധിയായ പ്രക്രിയയായതുകൊണ്ട് നന്മയാർന്ന സ്വന്തം വിചാരവികാരങ്ങൾ കൊണ്ട് ദ്രഷ്ടാവ് ആ ചിത്രത്തെ പൊതിയുന്നു. അപ്പോൾ കണ്ണുകൾക്കു മാറ്റം, മന്ദസ്മിതത്തിനു മാറ്റം. ഈ തത്ത്വമാണെന്നു തോന്നുന്നു അന്ന അഹ്മതവ കാവ്യത്തിലൂടെ ആവിഷ്കരിക്കുന്നത്.



അന്ന ആഹ്മാതവ

ഹാസ്യസാഹിത്യകാരനായ ശ്രീ. പി. സുബ്ബയ്യപിള്ളയുടെ മകൻ യുവാവായിരിക്കെ ഹൃദയാഘാതത്താൽ മരിച്ചു. ആ ചെറുപ്പക്കാരന്റെ ചിത്രം ‘കലാകൗമുദി’യിലുണ്ട്. ആ ചിത്രത്തോടൊരുമിച്ച് സുബ്ബയ്യാപിള്ളയുടെ വിവരണവും. ഉടക്കുളി കൊണ്ട് ഹൃദയത്തെ വലിച്ചാൽ എത്ര കണ്ടു വേദനയുണ്ടാകുമോ അത്രയും വേദന എനിക്ക് ഉളവാക്കി അദ്ദേഹത്തിന്റെ വസ്തു സ്ഥിതികഥനം. മരണത്തിനു ശേഷം വ്യക്തിയുടെ ചിത്രങ്ങൾക്കു മാറ്റം വരുമെന്ന് കവയിത്രി എഴുതിയത് ഇവിടെ ചേരുമെന്നു തോന്നുന്നില്ല. കാരണം മകൻ ജീവിച്ചിരുന്നപ്പോൾ ആ ചെറുപ്പക്കാരനെക്കുറിച്ച് അച്ഛന് എന്തു തോന്നിയിരുന്നുവോ ആ തോന്നൽ തന്നെയാണ് ഇപ്പോഴുമെന്ന് നമ്മെക്കൊണ്ടു പറയിക്കുന്ന രീതിയിലാണ് ഈ രചന. ‘മാനസം കല്ലുകൊണ്ടല്ലാതെയുള്ളൊരു’ ഏതൊരു മനുഷ്യനും ഇതു വായിച്ചാൽ കണ്ണീർ പൊഴിക്കും. ഹൃദയത്തുടിപ്പോടെ, കണ്ണീരൊഴുക്കോടെയാണ് ഞാനിത് വായിച്ചവസാനിപ്പിച്ചത്. മരണം നടന്നു കഴിഞ്ഞാൽ തത്ത്വചിന്തകൊണ്ട് ശോകത്തെ അണകെട്ടിനിറുത്താൻ ശ്രമിക്കരുത്. ദുഃഖിക്കുന്ന വ്യക്തിക്കു മനസ്സിനു ശാന്തിയുണ്ടാകട്ടെ എന്നു മാത്രമേ നമ്മൾ പ്രാർത്ഥിക്കേണ്ടതുള്ളൂ. സുബ്ബയ്യാപിള്ളയ്ക്കു ആ ശാന്തത കൈവരട്ടെ എന്നു ഞാൻ പ്രാർത്ഥിക്കുന്നു.

> He laid flowers on his cheap coffin,
> lovely white flowers, very much
> in keeping
> with his beauty, his twenty two years
> —C. P. Cavafy

## ഫാൾസിസം

അനുവാചകനെ ഈശ്വരപുത്രനായ യേശുക്രിസ്തുവിനോട് ഉപമിക്കുന്ന എന്റെ മര്യാദകേടിനു വായനക്കാരോടു ഞാൻ മാപ്പു ചോദിക്കട്ടെ. ഒരലങ്കാര പ്രയോഗത്തിനു വേണ്ടി മാത്രമാണ് ഈ സാഹസികൃം. ഉത്കൃഷ്ടമായ സാഹിത്യകൃതി വായിക്കുന്ന വേളയിൽ സഹൃദയൻ വിശുദ്ധിയാർജ്ജിക്കുന്നു. അതിന്റെ പേരിലാണ് ഈ ഔപമ്യം. ജൂഡിയയിൽ പോകാൻ സന്നദ്ധനായ യേശുവിനോടു ശിഷ്യന്മാർ ചോദിച്ചു: “The Jews there were wanting to stone you. Are you going there again?” — അവിടത്തെ ജൂതന്മാർ അങ്ങയെ കല്ലെറിയാൻ ആഗ്രഹിച്ചവരാണ്. അങ്ങോട്ടേക്കാണോ വീണ്ടും പോകുന്നത്? കുങ്കുമം വാരിക തുറന്നയുടനെ കണ്ട ‘ഹാപ്പി ക്രിസ്തുമസ്’ (ഹാപ്പി ക്രിസ്മസ് എന്നു വേണം) എന്ന ചെറുകഥ വായിക്കാനാരംഭിച്ച എന്നോട് മനസ്സിലിരുന്ന് ആരോ ചോദിച്ചു: “കല്ലേറുവാങ്ങാൻ പോകുകയാണോ?” രണ്ടും കല്പിച്ച് ഞാൻ പോയി. കലാരാഹിത്യത്തിന്റെ കല്ലേറുകൊണ്ട് മുഖമാകെ മുറിഞ്ഞു. ചോരയൊലിക്കുന്ന മുഖം കാണിച്ചുകൊണ്ട് ഞാനിത് എഴുതുകയാണ്.

ഈ ചെറുകഥയെഴുതിയ രമ മേനോന് ഒരു പഴഞ്ചൻ വിഷയമേ കൈകാര്യം ചെയ്യാനുള്ളൂ. അച്ഛനമ്മമാർ എന്തെന്നില്ലാതെ സ്നേഹിച്ചിരുന്ന മകന്റെ നന്ദികേട്. രണ്ടുവർഷമായിട്ടും വീട്ടിൽ വരാത്ത മകൻ ക്രിസ്മസിനെങ്കിലും വന്നെത്തുമെന്ന് അച്ഛനമ്മമാർ വിചാരിക്കുന്നു. നന്ദികെട്ടവൻ വരുന്നില്ല. ‘ഈശ്വരവിചാര’ത്തിൽ അവർ മുഴുകുമ്പോൾ കഥ പര്യവസാനത്തിലെത്തുന്നു.

നിത്യജീവിത്തിലുള്ളതെല്ലാം അതേ മട്ടിൽ പകർത്തിവച്ചാൽ ജനിക്കുന്നതു റിയലിസ്സമല്ല, ഫാൾസിസമാണ്. നിത്യജീവിതസത്യത്തിനു നൂതനാകാരം നല്കി നൂതനാനുഭവം സൃഷ്ടിക്കുമ്പോഴാണ് കലയുടെ ഉദ്ഭവം. അപ്പോഴാണ് രചനയ്ക്കു മാന്ത്രികസ്വഭാവമുണ്ടാകുന്നത്. ഈ പ്രക്രിയ രമാ മേനോന് അറിഞ്ഞുകൂടാ. പണ്ട് ഒരു ഭടൻ വള്ളത്തിൽ യാത്രചെയ്യുകയായിരുന്നു. നദിയുടെ മധ്യഭാഗത്ത് എത്തിയപ്പോൾ അയാളുടെ വാള് വെള്ളത്തിൽ വീണുപോയി. ഭടനുടനെ വള്ളത്തിൽ ഒരടയാളമിട്ട് ഇവിടെ വച്ചാണ് വാളു വീണതെന്നു പറഞ്ഞു. വള്ളം കരയിലടുത്തപ്പോൾ ആഴമില്ലാത്ത ആറ്റിലിറങ്ങിനിന്ന് വള്ളത്തിലിട്ട അടയാളത്തിന്റെ നേരേതാഴെ അയാൾ വാള് അന്വേഷിച്ചു തുടങ്ങി. രമാ മേനോൻ ആദ്യത്തെ കഥയെഴുതിയപ്പോൾതന്നെ വാള് നദിയുടെ ആഴത്തിൽ താണുപോയി. കരയിലടുത്തതിനുശേഷം മുട്ടുവരെയെത്തുന്ന വെള്ളത്തിലിറങ്ങി നിന്നു ‘വാളെവിടെ’ എന്നു ചോദിക്കുന്നതിൽ ഒരർത്ഥവുമില്ല.

## ചോദ്യം, ഉത്തരം

☐ ഔദ്ധ്യത്യമുള്ളവരെ എങ്ങനെ തിരിച്ചറിയാം?

> അങ്ങനെയുള്ളവരോടു സംസാരിക്കുമ്പോൾ അവരെക്കുറിച്ചു തന്നെ നിങ്ങൾ പറഞ്ഞുകൊണ്ടിരുന്നാൽ അവർ മനസ്സിരുത്തി എല്ലാം കേൾക്കും. കേട്ടുകൊണ്ടിരിക്കെ അവരുടെ മുഖം തിളങ്ങും. കണ്ണുകൾക്കു കൂടുതൽ പ്രകാശമുണ്ടാവും. എപ്പോൾ നിങ്ങൾ മറ്റുകാര്യങ്ങളിലേക്കു തിരിയുമോ അപ്പോൾ അവർ കോട്ടുവായിടും.

☐ നുണപറഞ്ഞ് സ്നേഹിതന്മാരെ ശത്രുക്കളാക്കി മാറ്റുന്നവരെക്കുറിച്ച് എന്തുപറയുന്നു?



ആദ്യപ്രസിദ്ധീകരണവിവരം:

| | |
|---|---|
| വാരിക: | കലാകൗമുദി |
| ലക്കം: | 800 |
| തിയതി: | 1991 01 13 |


© 2014, ജെ വിജയമ്മ

വാണിജ്യേതര ഉപയോഗത്തിനായി (വായിക്കുക, പകർത്തുക, വിതരണം ചെയ്യുക), ക്രിയേറ്റിവ് കോമൺസ് പകർപ്പവകാശ നിബന്ധനകൾക്ക് വിധേയമായി സായാഹ്ന ഫൗണ്ടേഷൻ പ്രസിദ്ധീകരിക്കുന്നത്.

അവർ (അപവാദികൾ) കൊലപാതികളെക്കാൾ ഹീനന്മാരാന്. സ്വന്തം വീട്ടിലെ ഏതോ ഹീനകൃത്യങ്ങൾ കണ്ട് ഒന്നും ചെയ്യാനാവാതെ ദോഷം മറ്റു വ്യക്തികളുടെ നേർക്കു തിരിച്ചുവിടുന്നതിന്റെ ഫലമായാണ് അപവാദ കൗതുകം.

□ ബ്രിട്ടിഷുകാർ ഇന്ത്യ ഭരിച്ചകാലത്ത് ഏതു സർക്കാരെഴുത്തിന്റെ അവസാനത്തും I am your most obedient servent എന്നെഴുതി ഒപ്പിട്ടുമായിരുന്ന ഉദ്യോഗസ്ഥന്മാർ. ഇപ്പോൾ yours faithfully എന്നും. നന്നായില്ലേ ഈ മാറ്റം?

പണ്ടും ഇക്കാലത്തും ഭർത്താക്കന്മാർ ഭാര്യമാരോട് I am your most obedient servent എന്നു യഥാക്രമം പറഞ്ഞു, പറഞ്ഞുകൊണ്ടേയിരിക്കുന്നു. അതുകൊണ്ട് സർക്കാർ മേഖലകളിൽ നിന്നെങ്കിലും അതെടുത്തു മാറ്റാമെന്നു നമ്മുടെ ജനാധിപത്യ സർക്കാർ തീരുമാനിച്ചു. നന്നായി. എന്നിട്ടും ഭാര്യമാർ yours faithfully എന്നു പറയുന്നില്ല. 'കലികാലവൈഭവം' എന്നു സി. വി. രാമൻപിള്ള പറഞ്ഞില്ലേ.

□ അടുത്തജന്മം സായിപ്പായി ജനിക്കുമോ നിങ്ങൾ? സായിപ്പിന്റെ കൃതികളല്ലേ നിങ്ങൾക്കിഷ്ടം?

അടുത്തജന്മമുണ്ടെങ്കിൽ കേരളീയനായി ജനിക്കാനാന് എനിക്കു താൽപ്പര്യം. എങ്കിലേ എഴുത്തച്ഛന്റെയും കുഞ്ചൻ നമ്പ്യാരുടേയും ചങ്ങമ്പുഴയുടേയും കവിത വായിക്കാൻ പറ്റൂ.

□ ശിവഗിരിയിൽ നിങ്ങൾ പ്രസംഗിച്ചു കഴിഞ്ഞപ്പോൾ വിവരമില്ലാത്ത കുറെ പിള്ളേർ നിങ്ങളുടെ ചുറ്റും കൂടി ഓട്ടോഗ്രാഫ് വാങ്ങുന്നതു കണ്ടു. നിങ്ങൾ അത്രയ്ക്കു വലിയ ആളോ?

അയ്യോ ഒട്ടും വലിയ ആളല്ല. കുട്ടികൾ ചോദിച്ചപ്പോൾ ഞാൻ ഒപ്പിട്ടുകൊടുത്തു എന്നേയുള്ളൂ. പിന്നെ നിങ്ങളെ അവർ കണ്ടില്ല. കണ്ടെങ്കിൽ തിരുവനന്തപുരത്തെ ഫിങ്കർ പ്രിന്റ് ബ്യൂറോയിൽ സൂക്ഷിക്കാനായി നിങ്ങളുടെ വിരലടയാളം കുട്ടികൾ എടുത്തേനേ.

## എൻ.എസ്. മാധവൻ

പേറ്റർ ഹൻഡ്കെ എന്ന ഓസ്ട്രിയൻ സാഹിത്യകാരന്റെ The Goalie's Anuxjety at the Penality Kick എന്ന നോവലാണ് അദ്ദേഹത്തിന് മഹായശസ്സ് നേടിക്കൊടുത്തത്. യോസഫ് ബ്ളൊക്ക് എന്നൊരു തൊഴിലാളി കാരണമൊന്നും കൂടാതെ ഒരു സ്ത്രീയെ കൊന്നിട്ട് പോലീസിൽ നിന്നും സമുദായത്തിൽനിന്നും ഒളിച്ചോടുന്നതിനെ ചിത്രീകരിക്കുന്ന ഈ നോവൽ അസ്തിത്വവാദികളുടെ വിരാഗാവസ്ഥയ്ക്കു (alienation) മതിയായ ഉദാഹരണമായിട്ടുണ്ട്. ഈ നോവലിന്റെ അവസാനത്തെ ഭാഗം നമ്മുടെ അവധാനത്തിന് വിഷയീഭവിക്കേണ്ടതാണ്. ബ്ളൊക്ക് ഫുട്ബോൾ കളികാണാൻ പോകുന്നു. പെനൽറ്റി കിക്കിനുള്ള വിസെൽ (whistle) കേട്ടു. ഗോളി ആലോചിക്കുകയാണ്. ഏതു മൂലയിലേക്കു പന്തടിക്കണമെന്ന്. ഗോളി വിചാരിച്ചതെന്തെന്ന് പന്തടിക്കുന്നവനും ഊഹിക്കുന്നുണ്ടാവും. അതുകൊണ്ട് പന്ത് മറ്റേ മൂലയിലേക്ക് അടിക്കപ്പെടും എന്നു ഗോളിയുടെ ചിന്ത. ഇതു മനസ്സിലാക്കി ഷൂട്ടു ചെയ്യുന്നവൻ പതിവുള്ള മൂലയിലേക്ക് പന്തടിച്ചാലോ? പന്തടിക്കുന്നവൻ ഓടാൻ തുടങ്ങിയപ്പോൾ, പന്തടിക്കുന്നതിനുമുമ്പ് താൻ ഏതു വശത്തിലേക്ക് ചരിയുമെന്ന് ഗോളി സ്വന്തം ശരീരം കൊണ്ട്



ആദ്യപ്രസിദ്ധീകരണവിവരം:

| | |
|---|---|
| വാരിക: | കലാകൗമുദി |
| ലക്കം: | 800 |
| തീയതി: | 1991 01 13 |

© 2014, ജെ വിജയമ്മ

വാണിജ്യേതര ഉപയോഗത്തിനായി (വായിക്കുക, പകർത്തുക, വിതരണം ചെയ്യുക), ക്രിയേറ്റിവ് കോമൺസ് പകർപ്പവകാശ നിബന്ധനകൾക്ക് വിധേയമായി സായാഹ്ന ഫൗണ്ടേഷൻ പ്രസിദ്ധീകരിക്കുന്നത്.



പേറ്റർ ഹൻഡ്കെ

അബോധാത്മകമായി പ്രകടിപ്പിക്കുന്നവെന്നു ബ്ളൊക്ക് അടുത്തു നില്ക്കുന്നവനോടു പറഞ്ഞു. തിളങ്ങുന്ന മഞ്ഞ ഉടുപ്പുധരിച്ച ഗോളി ഒട്ടും അനങ്ങാതെ നിന്നു. പെനൽറ്റി കിക്കർ പന്ത് അയാളുടെ കൈയിലേക്കു തന്നെ അടിച്ചു. സമകാലികജീവിതത്തിന്റെ സ്വഭാവമാകെ ഈ പെനൽറ്റി കിക്കിലൂടെ പേറ്റർ ഹൻഡ്കെ പ്രത്യക്ഷമാക്കുന്നു.

ഈ നോവലിന്റെ കഥകേട്ട ഗീവർഗ്ഗീസച്ചൻ — പണ്ടത്തെ ഫുട്ബോൾ കളിക്കാരൻ ഒരു പാവപ്പെട്ട പെൺകുട്ടിയെ ഒരു ദുഷ്ടനായ യുവാവിൽനിന്നു രക്ഷിക്കാൻ വേണ്ടി അവനെ ഫുട്ബോൾ പോലെ അടിച്ചു തെറിപ്പിക്കുന്നു. ശ്രീ.എൻ.എസ്. മാധവൻ മാതൃഭൂമി ആഴ്ചപ്പതിപ്പിൽ എഴുതിയ ‘ഹിഗ്വിറ്റ’ എന്ന ഈ കഥയ്ക്കു ചാരുതയുണ്ട്. നവീനതയുണ്ട്. ആ പുതുമ എല്ലാ അംശങ്ങളിലും ദൃശ്യമാണ്. നീണ്ട സംഭവവർണ്ണനകളില്ല. കഥാപാത്രങ്ങളുടെ സ്വഭാവസവിഷേതകളുടെ വിസ്തരിച്ചുള്ള പ്രതിപാദനമില്ല. ഏതേത് അംശങ്ങളെ സൂചിപ്പിച്ചാൽ സംഭവത്തിന്റെയും സ്വഭാവത്തിന്റെയും പ്രതീതി ഉളവാകുമോ അവയെ മാത്രമേ കഥാകാരൻ സൂചിപ്പിക്കുന്നുള്ളൂ. ഹാസ്യം ഇക്കഥയുടെ രമണീയകം വർദ്ധിപ്പിക്കുന്നു. മറ്റു കഥാകാരന്മാരുടെ കഥകളിൽ നിന്നുയരുന്ന ശബ്ദമല്ല മാധവന്റെ കഥയിൽ നിന്ന് ഉയരുന്നത്.



ആദ്യപ്രസിദ്ധീകരണവിവരം:

| | |
|---|---|
| വാരിക: | കലാകൗമുദി |
| ലക്കം: | 800 |
| തിയതി: | 1991 01 13 |

© 2014, ജെ വിജയമ്മ

വാണിജ്യേതര ഉപയോഗത്തിനായി (വായിക്കുക, പകർത്തുക, വിതരണം ചെയ്യുക), ക്രിയേറ്റിവ് കോമൺസ് പകർപ്പവകാശ നിബന്ധനകൾക്ക് വിധേയമായി സായാഹ്ന ഫൗണ്ടേഷൻ പ്രസിദ്ധീകരിക്കുന്നത്.

## പരിപാകമില്ലായ്മ

ഞാനങ്ങു ഞെട്ടിപ്പോയി എന്ന പ്രസ്താവം നൂറിനു തൊണ്ണൂറ്റിയൊൻപതു തവണയും അത്യുക്തിയാവും. താൽകാലികമായി ഉണ്ടാകുന്ന വല്ലായ്മയെ സൂചിപ്പിക്കാനും കേൾക്കുന്നവരെ ഒന്നു ഇംപ്രസ്സ് ചെയ്തു കൈയടിനേടാനും വേണ്ടിയുള്ള അതിശയോക്തിയാണത്. പക്ഷേ ശ്രീ. രാജശേഖരൻ ദേശാഭിമാനി വാരികയിലെഴുതിയ “മാരാരും മുണ്ടശ്ശേരിയും വൈലോപ്പിള്ളിയെ കണ്ടപ്പോൾ” എന്ന ലേഖനം വായിച്ചപ്പോൾ എനിക്കു നേരിയ തോതിൽ ഞെട്ടൽ തന്നെയുണ്ടായി. “എഴുത്തച്ഛനും ആശാനും വൈലോപ്പിള്ളിയും ചേർന്നത്രേ മലയാളകാവ്യ ചരിത്രത്തിൽ സ്ഥായിയായി നിലകൊള്ളാൻ പോകുന്ന കവിത്രയ സങ്കല്പം” എന്ന രാജശേഖര വാക്യമാണ് എനിക്ക് ഷോക്ക് ഉണ്ടാക്കിയത്. നമ്മുടെ കവിത്രയസങ്കല്പം (ആധുനികമായത്) കുമാരനാശാൻ, വള്ളത്തോൾ, ഉള്ളൂർ ഇവരെ അവലംബിച്ചുള്ളതാണല്ലോ. രാജശേഖരൻ വള്ളത്തോളിനെയും ഉള്ളൂരിനെയും ഗളഹസ്തം ചെയ്തിട്ട് വൈലോപ്പിള്ളിയെ മഹാകവി കുമാരനാശാന് സദൃശ്യനാക്കി കല്പിക്കുന്നു. ഉണ്ണായിവാരിയരെപ്പോലും അദ്ദേഹം ചവിട്ടി പുറന്തള്ളുന്നു.

ഒരു ശബ്ദത്തിൽ ഒരു രാഗം പാടുന്ന കവികളുണ്ട്. ഒരു ശബ്ദത്തിൽ പല രാഗങ്ങൾ പാടുന്ന കവികളുണ്ട്. പല ശബ്ദത്തിൽ പല രാഗങ്ങൾ പാടുന്ന കവികളുമുണ്ട്. സ്വിൻബേൺ, വെർലേൻ, ചങ്ങമ്പുഴ ഇവർ ഒരു ശബ്ദത്തിൽ ഒരു രാഗം തന്നെ പാടിയ കവികളാണ്. കീറ്റ്സും ഷെല്ലിയും ഒരു ശബ്ദത്തിൽ പല രാഗങ്ങൾ പാടിയ കവികളത്രേ. എന്നാൽ വ്യാസൻ, വാല്മീകി, ഹോമർ, ഷെയ്ക്സ്പിയർ ഇവർ പല ശബ്ദങ്ങളിൽ പല രാഗങ്ങൾ പാടിയ കവികളാണ്. അവരെയാണ് ഗ്രെയ്റ്റ് എന്നു വിശേഷിപ്പിക്കുന്നത്. രാജശേഖരന്റെ മഹാകവിയായ വൈലോപ്പിള്ളി നല്ല കാവ്യങ്ങൾ രചിച്ചു. പക്ഷേ അദ്ദേഹം ഒരു ശബ്ദത്തിൽ ഒരു രാഗം മാത്രം പാടിയ കവിയാണ്. ഒരു ശബ്ദത്തിൽ പല രാഗങ്ങൾ പാടിയ കുമാരനാശാന് അദ്ദേഹം ഒരിക്കലും സദൃശ്യനാവുകയില്ല. എന്നല്ല അദ്ദേഹത്തിന്റെ അടുത്തുപോലും എത്തുകയില്ല.

ഗ്രെയ്റ്റ്നെസ് — മഹത്വം — നിശ്ചയിക്കപ്പെടേണ്ടത് ശ്രേഷ്ഠതമായ കാവ്യഭാഷണത്താലാണ്. വിഷന്റെ സാന്ദ്രതയും ശൈലിയുടെ സാന്ദ്രതയും ആശയത്തിന്റെ

സാന്ദ്രതയും ഒരുമിച്ചു ചേരുമ്പോഴാണ് ഈ ശ്രേഷ്ഠതമായ അവസ്ഥ സംജാതമാവുക. (അരവിന്ദ് ഘോഷിന്റെ അഭിപ്രായം).

വനം പ്രതിഭയം ശൂന്യം ഝില്ലികാഗണനാദിതം

(മഹാഭാരതം)

നിഷ്പന്ദാസ്തരവഃ സർവേ നിലീനാ മൃഗപക്ഷിണഃ
നൈസേന തമസാ വ്യാപ്താ ദിശശ്ചരഘുനന്ദന
ശനൈർവിയുജ്യതേ സന്ധ്യാ നഭോനേത്രൈരിവാവൃതാം
നക്ഷത്രതാരാഗഹനം ജ്യോതിർഭിരിവ ഭാസതേ

(വാത്മീകി രാമായണം)

തന്മപ്രകാശേന വിചേയതാരകാ പ്രഭാതകല്പാ ശശിനേവ ശർവരീ

(കാളിദാസൻ)

Absent thee from felicity awhile
And in this harsh world draw thy breath in pain

(Shakespeare)

ഇവയൊക്കെ ശ്രേഷ്ഠതമായ കാവ്യ ഭാഷണങ്ങളായി അരവിന്ദ് ഘോഷ് എടുത്തു കാണിച്ചിട്ടുണ്ട്. നമ്മുടെ മഹാകവികളായ കുമാരനാശാൻ, വള്ളത്തോൾ, ഉള്ളൂർ, ഇവർക്ക് എപ്പോഴും ഇമ്മട്ടിൽ എഴുതാനാവില്ല. എങ്കിലും മഹാകവിത്വത്താൽ അവര് അനുഗ്രഹീതരായിരുന്നതുകൊണ്ട് ഈ കാവ്യഭാഷണം ചിലപ്പോൾ അവരും നിർവ്വഹിക്കാറുണ്ട്.

1) അന്തിമമാം മണമർപ്പിച്ചടിവാൻ
 മലർകാക്കിലേ ഗന്ധവാഹനെ രഹസ്യമാർക്കറിയാവൂ

(കുമാരനാശാൻ)

2) കാലമതിന്റെ കനത്തകരംകൊണ്ടു
 ലീലയാലൊന്നു പിടിച്ചുകുലുക്കിയാൽ
 പാടേ പതറിക്കൊഴിഞ്ഞു പോം ബ്രഹ്മാണ്ഡ
 പാദപപ്പൂക്കളാം താരങ്ങൾ കൂടിയും

(വള്ളത്തോൾ)

3) പരാപരാത്മൻ ഭക്ത്യഭിഗമ്യൻ ഭവാനെയാർ കാൺമൂ
 ചരാചര പ്രേമാഞ്ജനമെഴുതിയ ചക്ഷുസ്സില്ലാഞ്ഞാൽ

(ഉള്ളൂർ)

ഇവ ഉദാഹരണങ്ങൾ.

വൈലോപ്പിള്ളിയുടെ കാവ്യങ്ങളിൽ ചിലതെല്ലാം സുന്ദരങ്ങളാണ്. പക്ഷേ, ഗ്രേയ്റ്റ്നെസ്സ് എന്ന ഗുണം അവയ്ക്കില്ല. മുകളിൽച്ചേർത്ത വരികൾ ഏതു തലത്തിൽ നിന്ന് ഉദ്ഭവിച്ചുവോ ഏതു മണ്ഡലത്തിന് അവ പ്രാതിനിധ്യം വഹിച്ചുവോ ആ തലത്തിൽ നിന്ന് ഉദ്ഭവിക്കുകയോ ആ മണ്ഡലത്തിനു പ്രാതിനിധ്യം വഹിക്കുകയോ ചെയ്യുന്നതല്ല വൈലോപ്പിള്ളിയുടെ കാവ്യങ്ങൾ. കുമാരനാശാന്റെയും വള്ളത്തോളിന്റെയും കാവ്യങ്ങൾക്കു സൗന്ദര്യവും മഹത്വവും ഉണ്ട്. വൈലോപ്പിള്ളിയുടെ ചില കാവ്യങ്ങൾക്കു സൗന്ദര്യം മാത്രമേയുള്ളൂ. ഒരിടത്തും ശ്രേഷ്ഠതമായ കാവ്യഭാഷണം കാണാനുമില്ല.



ആദ്യപ്രസിദ്ധീകരണവിവരം:
വാരിക: കലാകൗമുദി
ലക്കം: 800
തിയതി: 1991 01 13

© 2014, ജെ വിജയമ്മ
വാണിജ്യേതര ഉപയോഗത്തിനായി (വായിക്കുക, പകർത്തുക, വിതരണം ചെയ്യുക), ക്രിയേറ്റിവ് കോമൺസ് പകർപ്പവകാശ നിബന്ധനകൾക്ക് വിധേയമായി സായാഹ്ന ഫൗണ്ടേഷൻ പ്രസിദ്ധീകരിക്കുന്നത്.

അതിനാൽ രാജശേഖരന്റെ മതം പരിപാകമുള്ള മനസ്സിന്റെ സന്തതിയല്ല. എഴുത്തച്ഛന്റെയും കുമാരനാശാന്റെയും പേരുകൾ പറഞ്ഞിട്ട് അതേ ശ്വാസത്തിൽ വൈലോപ്പിള്ളി എന്നു പറയുന്നത് എഴുത്തച്ഛനെയും കുമാരനാശാനെയും അപമാനിക്കലാണ്. നിന്ദിക്കലാണ്.



ആദ്യപ്രസിദ്ധീകരണവിവരം:

| | |
|---|---|
| വാരിക: | കലാകൗമുദി |
| ലക്കം: | 800 |
| തിയതി: | 1991 01 13 |

© 2014, ജെ വിജയമ്മ
വാണിജ്യേതര ഉപയോഗത്തിനായി (വായിക്കുക, പകർത്തുക, വിതരണം ചെയ്യുക), ക്രിയേറ്റിവ് കോമൺസ് പകർപ്പവകാശ നിബന്ധനകൾക്ക് വിധേയമായി സായാഹ്ന ഫൗണ്ടേഷൻ പ്രസിദ്ധീകരിക്കുന്നത്.

* * *

ശ്രീ. കുഞ്ഞുണ്ണി കുങ്കുമം വാരികയിൽ എഴുതുന്നു: വർഗ്ഗീയവത്കരിക്കാൻ ശ്രമിക്കുന്നതുപോലെ രാഷ്ട്രീയവത്കരിക്കാൻ ശ്രമിക്കുന്നതും തെറ്റാണ്. ഉത്തരപദം ‘കരണ’മായി വരുമ്പോൾ വിശേഷത്തിൽ ‘വത്’ പ്രത്യയം ചേരുകയില്ല. കുഞ്ഞുണ്ണി വിവരം കെട്ടവർക്കു വേണ്ടി അതെടുത്തു കാണിച്ചതിൽ എനിക്കു അനല്പമായ സന്തോഷമുണ്ട്.

## താഴത്തെനിലയിലേക്ക്

ഇറ്റലിയിലെ കാഫ്ക എന്നറിയപ്പെടുന്ന ബുറ്റ്സാറ്റിയുടെ (Buzzati) Seven Floors എന്ന കഥ മാസ്റ്റർപീസാണ്. രോഗി ഏഴുനിലയുള്ള ആശുപത്രിയിലെത്തി ഏഴാമത്തെ നിലയിൽ കിടപ്പായി. തീരെച്ചെറിയ രോഗമുള്ളവർക്കാണ് ഏഴാമത്തെ നില. ആറാമത്തെ നില ചെറിയ രോഗമുള്ളവർക്ക്. ഗൗരവമായ രോഗമുള്ളവർക്ക് അഞ്ചാമത്തെ നില. അങ്ങനെ താഴോട്ടു പോകുന്തോറും രോഗികൾക്കു ഗുരുതരാവസ്ഥ കൂടുതലാണെന്നു ഗ്രഹിക്കണം. ഓരോ നിലയിലെ ചികിത്സാക്രമവും വിഭിന്നമാണ്. ഓരോ ഡോക്ടർ ഓരോ നിലയ്ക്കും. രോഗി ഏറ്റവും താഴെയുള്ള നിലയിലേക്കു നോക്കിയപ്പോൾ അവിടത്തെ ജന്നലുകൾ തുണി കൊണ്ടു മറച്ചിരിക്കുന്നതു കണ്ടു. മരിക്കാൻ പോകുന്നവരെ കിടത്തുന്ന സ്ഥലമാണ് താഴത്തെ നിലയെന്ന് അയാൾ ഒരാളിൽ നിന്നും മനസ്സിലാക്കി. പത്തു ദിവസം കഴിഞ്ഞപ്പോൾ നേഴ്സ് വന്നു പറഞ്ഞു ഒരു സ്ത്രീക്കും രണ്ടു കുട്ടികൾക്കും വേണ്ടി അയാൾ ആറാമത്തെ നിലയിലേക്കു പോയാൽ കൊള്ളാമെന്ന്; ഏഴാമത്തെ നിലയിൽ ഒഴിഞ്ഞ മുറികൾ വേറെയില്ലാത്തതു കൊണ്ടാണ് അയാൾക്ക് ആ അസൗകര്യമുണ്ടാക്കുന്നതെന്ന്. സ്ത്രീയും കുട്ടികളും പോയാൽ അയാൾക്ക് ഉടനെ ഏഴാമത്തെ നിലയിലേക്കു തിരിച്ചു പോരാം. അയാൾ ആറാമത്തെ നിലയിലായി. കുറച്ചു ദിവസം കഴിഞ്ഞപ്പോൾ രോഗത്തിന്റെ സ്വഭാവം പരിഗണിച്ച് അയാളെ അഞ്ചാമത്തെ നിലയിലേക്കു മാറ്റി. പിന്നെയും ദിവസങ്ങൾ കഴിഞ്ഞു. അയാൾക്കു വേണ്ട ഒരു മെഡിക്കൽ ഉപകരണം നാലാമത്തെ നിലയിലേയുള്ളൂ. മൂന്നുതവണ ദിവസവും ഇറങ്ങിക്കേറുന്നതിനേക്കാൾ നല്ലത് നാലാമത്തെ നിലയിൽ തന്നെ പാർക്കുന്നതല്ലേ? രോഗം മാറിയാൽ ഉടനെ ഏഴാമത്തെ നിലയിലേക്കു തിരിച്ചുപോരാം. അതുകൊണ്ട് അയാൾ നാലാമത്തെ നിലയിലേക്കു പോയി. രോഗിക്ക് വരട്ടുചൊറി (eczema) ഉള്ളതു കൊണ്ടു മൂന്നാമത്തെ നിലയിലെ ചികിത്സയാണ് നല്ലതെന്നു ഡോക്ടർ പറഞ്ഞു. ചികിത്സോപകരണവുമുണ്ട്. രോഗി മൂന്നാമത്തെ നിലയിൽ കിടപ്പായി. അങ്ങനെയിരിക്കെ നേഴ്സ് വന്നു പറഞ്ഞു ആ നിലയിലെ ഡോക്ടർമാർ അവധിയിൽ പോകുന്നെന്ന്. അതുകൊണ്ട് രണ്ടാമത്തെ നിലയിൽ പോകുന്നതാണ് നല്ലത്. ഗത്യന്തരമില്ലാതെ അയാൾ അങ്ങോട്ടുപോയി. പതിഞ്ചുദിവസം കൂടി കടന്നുപോയി. ഒരാഴ്ച കൂടി കഴിഞ്ഞപ്പോൾ ഹെഡ് നേഴ്സും മറ്റു നേഴ്സുകളും കൂടി വന്ന് അയാളോട് പറഞ്ഞു: “നിങ്ങളെ താഴത്തെ നിലയിൽ കൊണ്ടാക്കാനാണ് ഡോക്ടറുടെ ആജ്ഞ” എന്ന്. രോഗി ഭയന്നു ബഹളം കൂട്ടി. “ഇവിടെ വേറെ ചില രോഗികൾ കൂടിയുണ്ട്. ബഹളം കൂട്ടരുത്” അവരുടെ ആജ്ഞ. രോഗി വിറച്ചു. നിയന്ത്രിക്കാനാവാതെ



ബുറ്റ്സാറ്റി

അയാൾ നിലവിളിച്ചു. അതിന്റെ പ്രതിധ്വനി മുറിയിലുണ്ടായി. അയാൾ താഴത്തെ നിലയിലെ കട്ടിലിൽ കിടന്നു. മുകളിലുള്ള ആറു നിലകളുടെ ഭാരം അയാളുടെ ശരീരത്തിൽ അമരുകയാണ്. പക്ഷേ, ആ മുറി എന്താണ് ഇങ്ങനെ പെട്ടന്നു ഇരുളുന്നത്? അയാൾ തലതിരിച്ചു നോക്കിയപ്പോൾ പ്രകാശത്തെ പൂർണ്ണമായും തടഞ്ഞുകൊണ്ട് ജന്നലുകളിലെ കർട്ടൻ താഴുന്നതു കണ്ടു.

സമകാലികമനുഷ്യന്റെ ഏകാന്തത, മരണമെന്ന പരമസത്യം. ജീവിതത്തിന്റെ അർത്ഥരാഹിത്യം ഇവയെ കലാസുഭഗമായി ചിത്രീകരിക്കുന്ന കഥയാണിത്. ബുറ്റ്സാറ്റി കാഫ്കയെപ്പോലെ ജീനിയസ്സാണെന്നതിൽ ഒരു സംശയവുമില്ല.

ഞാൻ ഒരു രോഗവുമില്ലാത്തവനായിരുന്നു. ഒരിക്കൽ അങ്ങനെയിരിക്കെ ചെറിയ ഒരസുഖം പിടിപെട്ട് മലയാളത്തിലെ റീയലിസ്റ്റിക്ക് കഥാകാരന്മാർ ശയിക്കുന്ന ഏഴാമത്തെ നിലയിൽ ചെന്നു ചേർന്നു. ക്രമേണ എന്റെ കിടപ്പ് ആറ്, അഞ്ച്, നാല് എന്നീ നിലകളിലായി. മൂന്നാമത്തെ നിലയിലെത്തിയപ്പോൾ കൂട്ടുകാരായി ബോർഹെസിനെയും മറ്റ് ലാറ്റിനമേരിക്കൻ കഥാകാരന്മാരെയും അനുകരിക്കുന്ന രോഗികളുടെ കൂടെയായി എന്റെ കിടപ്പ്. രോഗം കൂടിയപ്പോൾ പൈങ്കിളിക്കഥാകാരന്മാർ കിടക്കുന്ന രണ്ടാമത്തെ നിലയിലേക്ക് എന്നെമാറ്റി. ഇതാ നേഴ്സ് വന്ന് അജ്ഞാപിക്കുന്നു ഏറ്റവും താഴെയുള്ള നിലയിൽ പോയിക്കിടക്കാൻ. ഞാൻ നിലവിളിക്കുന്നു, ഞെട്ടുന്നു. എന്റെ രോദനത്തിന്റെ പ്രതിധ്വനികൾ തിരുവനന്തപുരത്ത് എവിടെയും കേൾക്കാം. കിടക്കയിൽ കിടന്നുകൊണ്ട് അടുത്ത ബെഡ്ഡിലേക്കു നോക്കിയപ്പോൾ കുങ്കുമം വാരികയിലെ “ഒന്നാം നിലയ്ക്കുമപ്പുറം” എന്ന ചെറുകഥ എനിക്കു കാണത്തക്കവിധത്തിൽ തുറന്നിട്ടിരിക്കുന്നു. കഷ്ടപ്പെടുന്ന ഒരു ചെറുപ്പക്കാരി നല്ല വീടുവയ്ക്കാൻ കിഡ്നിയും ഒരു കണ്ണും വിറ്റുപോലും. അക്കഥ വായിച്ച് ഞാൻ വല്ലാതെ തേങ്ങി. അതാ പ്രകാശത്തെ പൂർണ്ണമായും മറച്ചുകൊണ്ട് ജന്നലുകളിലെ കർട്ടൻ താഴുന്നല്ലോ.



ആദ്യപ്രസിദ്ധീകരണവിവരം:

| | |
|---|---|
| വാരിക: | കലാകൗമുദി |
| ലക്കം: | 800 |
| തിയതി: | 1991 01 13 |


© 2014, ജെ വിജയമ്മ

വാണിജ്യേതര ഉപയോഗത്തിനായി (വായിക്കുക, പകർത്തുക, വിതരണം ചെയ്യുക), ക്രിയേറ്റിവ് കോമൺസ് പകർപ്പവകാശ നിബന്ധനകൾക്ക് വിധേയമായി സായാഹ്ന ഫൗണ്ടേഷൻ പ്രസിദ്ധീകരിക്കുന്നത്.

## വിശ്വസാഹിത്യത്തിൽ നിന്ന്



ബോദലേർ

1. ആവശ്യകതയിൽക്കവിഞ്ഞു വാഴ്ത്തപ്പെടുന്ന — ഒരു സെറിബ്രൽ (മസ്തിഷ്കപരമായ) കവിയാണ് മീറോസ്ളാഫ് ഹോലൂബ് (Miroslav Holub ചെക്കോസ്ളോവാക്യയിലെ കവി). അദ്ദേഹത്തിന്റെ അമ്പതിലധികം കാവ്യങ്ങൾ (ഇംഗ്ലീഷ് തർജ്ജമ) ഞാൻ വായിച്ചു. ഒന്നിൽപ്പോലും ആവിഷ്കാരചാരുത കണ്ടില്ല. വികാര സ്ഫുടീകരണവുമില്ല. പക്ഷേ അതല്ല അദ്ദേഹത്തിന്റെ ഉപന്യാസങ്ങളുടെ സ്ഥിതി. ചിന്തോദ്ദീപകവും മൗലികവുമാണ് അദ്ദേഹത്തിന്റെ ഏതു പ്രബന്ധവും. The world in miniature എന്ന ഉപന്യാസത്തിൽ അദ്ദേഹം പറയുന്നു, ഈ വിശാല പ്രപഞ്ചത്തെ ഹ്രസ്വാകാരമാക്കി പ്രദർശിപ്പിക്കാൻ നമുക്കെല്ലാവർക്കും താൽപര്യമുണ്ടെന്ന്; അതൊരു ജന്മവാസനയാണെന്ന്. Hardly anyone stand to enjoy the beauty of a town square. The magic of all the moving pedestrains and historical clocks, the colourful cars struggling with signs and commands — but everyone is willing to stand for hours at a model of the same thing and admire the miracle it worked even though in real life it is ofter a miracle as well. മൃഗശാലയോ തീവണ്ടിപ്പാതയോ കൊച്ചുപട്ടണമോ ഉണ്ടാക്കിക്കളിക്കുന്ന കൊച്ചുകുട്ടിയും പ്രായമായവരുടെ ഹ്രസ്വാകാരനിർമ്മാണവാസനയെ പ്രകടിപ്പിക്കുകയാണ്. The Dimension of the Present Movement and other essays — Miroslav Holub □4.99).

2. ഫ്രഞ്ച് കവി ബോദലേറിന്റെ മരണത്തിനു ശേഷം പ്രസിദ്ധപ്പെടുത്തിയതാണ് അദ്ദേഹത്തിന്റെ Intimate Journals. ജീവിത നിരീക്ഷണം ചെയ്ത് ആ കവി നടത്തുന്ന സാമാന്യവത്കരണങ്ങൾ രസാവഹങ്ങളാണ്.

   - സ്ത്രീകൾക്കു പള്ളിയിൽ ചെല്ലാൻ അനുവാദം നല്കുന്നതു കണ്ട് ഞാൻ എപ്പോഴും അത്ഭുതപ്പെട്ടിട്ടുണ്ട്. ഈശ്വരനോട് അവർക്ക് ഏതു തരത്തിലാണ് സംഭാഷണം നടത്താൻ കഴിയുക?
   - ഉദ്യോഗസ്ഥൻ ആരുമാകട്ടെ. മന്ത്രിയോ തീയറ്റർ മാനേജരോ പത്രാധിപരോ ആകട്ടെ. ബഹുമാനം അർഹിക്കുന്ന വ്യക്തിയായിരിക്കും അയാൾ. പക്ഷേ മറ്റുള്ളവരിൽ നിന്നു വേർതിരിക്കുന്ന ഗുണം അയാൾക്കു കാണുകയില്ല. ഉദ്യോഗം നോക്കാൻ വേണ്ടി മാത്രം ജനിക്കുന്ന സ്വത്വമില്ലാത്ത മൗലികതയില്ലാത്ത ആളായിരിക്കും ആ വ്യക്തി.
   - മാന്യതയുള്ള ഒരുത്തനും വെറുപ്പോടു കൂടിയ ഞെട്ടലില്ലാതെ ഒരു വർത്തമാനപ്പത്രവും കൈയിലെടുക്കാൻ കഴിയുകയില്ല.
   - മഹത്ത്വമുള്ള പ്രകൃതിയെ ഒരിക്കലും ദൂഷിക്കരുത്. സ്തനങ്ങളില്ലാത്ത കാമുകിയെയാണ് പ്രകൃതി നിങ്ങൾക്കു തരുന്നതെങ്കിൽ 'ഇത്തരത്തിലുള്ള അരക്കെട്ടിനെ എനിക്കു സ്നേഹിക്കാമല്ലോ' എന്നു പറഞ്ഞ് ദേവാലയത്തിൽ പോയി ഈശ്വരനോടു കൃതജ്ഞത പ്രകാശിപ്പിക്കു (Intimate Journals translated by Yon Christopher Isherwood with an introduction by T. S. Eliot, Picador Classics, £3.99).



ആദ്യപ്രസിദ്ധീകരണവിവരം:

| | |
|---|---|
| വാരിക: | കലാകൗമുദി |
| ലക്കം: | 800 |
| തിയതി: | 1991 01 13 |

© 2014, ജെ വിജയമ്മ

വാണിജ്യേതര ഉപയോഗത്തിനായി (വായിക്കുക, പകർത്തുക, വിതരണം ചെയ്യുക), ക്രിയേറ്റിവ് കോമൺസ് പകർപ്പവകാശ നിബന്ധനകൾക്ക് വിധേയമായി സായാഹ്ന ഫൗണ്ടേഷൻ പ്രസിദ്ധീകരിക്കുന്നത്.

## അത്യുക്തി അസത്യമാണ്

ഹജ്ജൂർ കച്ചേരിയിലാണ് എനിക്ക് ആദ്യമായി ജോലികിട്ടിയതെന്നു പലപ്പോഴും എഴുതിയിട്ടുണ്ടല്ലോ. അക്കാലത്ത് ഒരു ദിവസം അവധിയെടുക്കേണ്ടിവന്നപ്പോൾ As I am unwell എന്ന് എഴുതി അസിസ്റ്റന്റ് സെക്രട്ടറിയുടെ കൈയിൽ അപേക്ഷകൊടുത്തപ്പോൾ unwell എന്ന് എഴുതരുതെന്നും As I am not feeling well എന്നെഴുതണമെന്നും അദ്ദേഹം അറിയിച്ചു. എന്താണ് unwell എന്ന പദത്തിന്റെ തെറ്റ് എന്നു ഞാൻ ചോദിച്ചപ്പോൾ സ്ത്രീകൾക്ക് ഓരോ മാസത്തിലും നാലുദിവസത്തേക്കു എഴുതാവുന്ന വാക്കാണതെന്ന് അദ്ദേഹം പറഞ്ഞു. ഞാനതു വിശ്വസിക്കുകയും ചെയ്തു. ഇപ്പോൾ എത്രയെത്ര ഇംഗ്ലീഷ് പുസ്തകങ്ങളിൽ 'സുഖമില്ലായ്മ' എന്ന അർത്ഥത്തിൽ unwell പ്രയോഗിച്ചിരിക്കുന്നു. അസിസ്റ്റന്റ് സെക്രട്ടറി അന്നു പറഞ്ഞത് തെറ്റ്. menstruation എന്ന വാക്കിനു ന്യൂനോക്തി നല്കിയതാണ് unwell എന്ന പദം. ആരോ അങ്ങനെ വരുത്തിയ ന്യൂനോക്തി ആ അസിസ്റ്റന്റ് സെക്രട്ടറിയും വിശ്വസിച്ചു എന്നു കരുതിയാൽ മതി.

എന്നാൽ സീമോൻ ദെ ബോവ്വാറിന്റെ The Second Sex എന്ന പുസ്തകത്തിൽ ആർത്തവത്തെ വർണ്ണിച്ചിരിക്കുന്നതു വായിച്ചപ്പോൾ എനിക്ക് അറപ്പും വെറുപ്പും ഉണ്ടായി. സ്ത്രീകൾക്കു പ്രകൃതി നല്കിയ ഒരു 'ഫങ്ഷൻ'. അതിൽ അറപ്പു തോന്നാനോ വെറുപ്പു തോന്നാനോ ഒന്നുമില്ല. പക്ഷേ സ്ത്രീയായ സീമോൻ അത്യുക്തി കലർന്ന വർണ്ണനത്തിലൂടെ ആർത്തവത്തെ ജുഗുപ്സാവഹമാക്കിക്കളഞ്ഞു. ഈ അത്യുക്തി അല്ലെങ്കിൽ സ്ഥൂലീകരണം നിന്ദ്യമാണ്. കാരണം അത് കള്ളമാണ് എന്നത്രേ.

നമ്മുടെ എഴുത്തുകാർക്ക് അത്യുക്തി പ്രേമഭാജനമാണ്. നൂറ് ആളുകൾ കൂടിയ ഒരു സമ്മേളനത്തെ 'മനുഷ്യമഹാസമുദ്രം' എന്നേ അവർ വിശേഷിപ്പിക്കൂ. ഫിലിം സ്റ്റാർ

സത്യൻ മരിച്ചു. ഭേദപ്പെട്ട ഒരഭിനേതാവ് മാത്രമല്ലേ അദ്ദേഹം? പക്ഷേ അക്കാലത്തെ പത്രങ്ങളിലെല്ലാം ‘യുഗപ്രഭാവനായ സത്യൻ’ എന്നാണ് അച്ചടിച്ചു വന്നത്. ജോസഫ് മുണ്ടശ്ശേരി അതുപോലെ ഭേദപ്പെട്ട ഒരു നിരൂപകൻ മാത്രമായിരുന്നു. നിരൂപണം വികസിച്ച ഇക്കാലത്ത് അദ്ദേഹത്തിന്റെ കൃതികൾക്കു മുൻപുണ്ടായിരുന്ന മൂല്യമില്ല താനും. എന്നിട്ടും ശ്രീ.വി.യൂ. സുരേന്ദ്രൻ ‘യുഗപ്രഭാവനായ മുണ്ടശ്ശേരി മാസ്റ്റർ’ എന്ന് തലക്കെട്ടിന് ലേഖനമെഴുതിയിരിക്കുന്നു ജനയുഗം വാരികയിൽ. “മുണ്ടശ്ശേരി മാസ്റ്റർ അഴിച്ചുവിട്ട കൊടുങ്കാറ്റിന്റെ മാറ്റൊലി കേട്ടുണർന്നവരാണ് ഇന്നത്തെ തലമുറ” എന്നും പ്രബന്ധത്തിൽ ഒരിടത്ത് അദ്ദേഹം കാച്ചിയിരിക്കുന്നു. സുരേന്ദ്രന്റെ സാഹിത്യാഭിരുചിക്കുള്ള തകരാറിനെയും സാഹിത്യത്തെസംബന്ധിച്ച അജ്ഞതയെയും കാണിക്കാനേ ഇതൊക്കെ ഉപകരിക്കൂ.

*   *   *

അഞ്ചോയഞ്ചു ഫ്രാങ്ക് കൊടുത്താൽ ആരുടേയും കൂടെപ്പോകുന്ന ഒരു വേശ്യ ഒരിക്കൽ ബോദലേറിനെ വിളിച്ചുകൊണ്ട് പാരീസിലെ ലൂവ്ര (Louvre) മ്യൂസിയത്തിൽ ചെന്നു. അവിടെയുള്ള ചിത്രങ്ങൾ ചൂണ്ടിക്കാണിച്ചിട്ട് അവൾ കവിയോടു ചോദിച്ചു: ആ അസഭ്യതയൊക്കെ എങ്ങനെ ആളുകളെ കാണിക്കുന്നുവെന്ന്.

□



ആദ്യപ്രസിദ്ധീകരണവിവരം:

| | |
|---|---|
| വാരിക: | കലാകൗമുദി |
| ലക്കം: | 800 |
| തിയതി: | 1991 01 13 |


© 2014, ജെ വിജയമ്മ

വാണിജ്യേതര ഉപയോഗത്തിനായി (വായിക്കുക, പകർത്തുക, വിതരണം ചെയ്യുക), ക്രിയേറ്റിവ് കോമൺസ് പകർപ്പവകാശ നിബന്ധനകൾക്ക് വിധേയമായി സായാഹ്ന ഫൗണ്ടേഷൻ പ്രസിദ്ധീകരിക്കുന്നത്.

സായാഹ്ന വിക്കിയിൽ ഇപ്പോൾ ലഭ്യമായിട്ടുള്ള സ്രോതസ്സുകളിൽ നിന്നും സ്വതന്ത്ര സോഫ്റ്റ്‌വെയറുകൾ മാത്രം ഉപയോഗിച്ച് നിർമ്മിച്ച പിഡിഎഫ് പതിപ്പ്.

© 2014, ജെ വിജയമ്മ

വാണിജ്യേതര ഉപയോഗത്തിനായി (വായിക്കുക, പകർത്തുക, വിതരണം ചെയ്യുക), ക്രിയേറ്റീവ് കോമൺസ് പകർപ്പവകാശ നിബന്ധനകൾക്ക് വിധേയമായി സായാഹ്ന ഫൗണ്ടേഷൻ പ്രസിദ്ധീകരിക്കുന്നത്.

മുഖചിത്രം: യുവാൻ ഗ്രിസിന്റെ (1887–1927) “പിക്കാസ്സോയുടെ ഛായാപടം” എന്ന പെയിന്റിംഗ്, 1912. ഈ ചിത്രത്തിനും ലേഖനത്തിൽ കൊടുത്തിട്ടുള്ള മറ്റ് ചിത്രങ്ങൾക്കും വിക്കിപ്പീഡിയയോട് കടപ്പാട്.

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014, ഇന്ത്യ.
+91 9447 11 2575 • <info@sayahna.org> • http://www.sayahna.org